**<u>അടിയന്തരപ്രമേയം</u>**

**<u>സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമത്തിന്റെ ദുരുപയോഗം</u>**

<u>മി. സ്പീക്കർ</u> : സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം ഉപയോഗിച്ച് കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ യുവജന, വിദ്യാർത്ഥി സംഘടനാ പ്രവർത്തകരെ കള്ളക്കേസുകളിൽ കുടുക്കി നാടുകടത്തിയിരിക്കുന്നതുമൂലം അവരുടെ കുടുംബങ്ങളിലും ജനങ്ങളിലുമാകെ ഉളവാക്കിയിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ജെയിംസ് മാത്യു, വി.എസ്. സുനിൽ കുമാർ, മാത്യു ടി. തോമസ്, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>) : സർ, കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം സെക്ഷൻ 15 (1) പ്രകാരം കണ്ണൂർ ജില്ലയിൽ പ്രവേശിക്കുന്നത് നിയന്ത്രിച്ചുകൊണ്ടുള്ള താൽക്കാലിക തീരുമാനം നടപ്പാക്കുന്നത് സംബന്ധിച്ച് കണ്ണൂർ റെയ്ഞ്ച് ഐ.ജി.പി ഏതാനും വ്യക്തികൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. കോഴിക്കോട് റൂറൽ ജില്ലയിലെ രണ്ട് സി.പി.ഐ.(എം) പ്രവർത്തകരായ അനൂപ്, മനോജൻ എന്നിവർക്കെതിരായും കണ്ണൂർ ജില്ലയിലെ മൂന്ന് സി.പി.ഐ.(എം.) പ്രവർത്തകരായ രാജേഷ്, റെനീഷ്, സൂരജ് എന്നിവർക്കെതിരായും KAPA പ്രകാരം നടപടിയെടുത്തിട്ടുണ്ട്. ഇതിൽ മനോജന്റെ പേരിൽ വിവിധ തരത്തിലുള്ള അക്രമപ്രവർത്തനങ്ങൾക്കെതിരായി ആറ്

കേസുകളും അനൂപിന്റെ പേരിൽ അഞ്ച് കേസുകളും രാജേഷിന്റെ പേരിൽ ഏഴ് കേസുകളും റെനീഷിന്റെ പേരിൽ അഞ്ച് കേസുകളും സൂരജിന്റെ പേരിൽ ആറ് കേസുകളുമാണ് നിലവിലുള്ളത്. അനൂപിനെതിരായി 3.1.2014 -ലും മനോജനെതിരായി 9.1.2014-ലും രാജേഷിനെതിരായി 7.1.2014-ലും റെനീഷിനെതിരായി 24.12.2013-ലും സൂരജിനെതിരെ 9.1.2014-ലും കണ്ണൂർ റെയ്ഞ്ച് ഐ.ജി.പി. സെക്ഷൻ 15 പ്രകാരം സഞ്ചലന നിയന്ത്രണ ഉത്തരവ് പുറപ്പെടുവിച്ചു. മനോജൻ ടാക്സി ഡ്രൈവറും അനൂപ് വക്കീൽ ഗുമസ്തനുമാണ്. ആക്റ്റിന്റെ രണ്ടാം വകുപ്പിന്റെ ഉപവകുപ്പിൽ 'റൗഡി' എന്ന വിഭാഗത്തിൽ ഉൾപ്പെടുത്താനാവശ്യമായി പ്രതിപാദിച്ചിട്ടുള്ള കുറ്റകൃത്യങ്ങൾ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് സെക്ഷൻ 15(1) പ്രകാരമുള്ള നടപടികൾക്ക് മേൽപ്പറഞ്ഞവർക്ക് നോട്ടീസ് നൽകിയത്. 15(2) വകുപ്പ് പ്രകാരം ഉപദേശക ബോർഡ് രാഷ്ട്രീയമായ പകപോക്കലിന്റെ ഭാഗമായി ആർക്കെങ്കിലുമെതിരായി നടപടി കൈക്കൊണ്ടിട്ടില്ല. നടപടിക്ക് വിധേയരായവർ നിരന്തരം ചെയ്തുവന്ന കുറ്റകൃത്യങ്ങളുടെ കാഠിന്യം കണക്കിലെടുത്താണ് നടപടികൾ കൈക്കൊണ്ടിട്ടുള്ളത്. അവർക്കെതിരെ നടപടിയെടുക്കുന്നതിന് ആരോപിക്കപ്പെട്ട കേസുകൾ വ്യക്തിവൈരാഗ്യം മൂലവും രാഷ്ട്രീയ വിരോധം മൂലവും പ്രതിയോഗികളെ ആക്രമിച്ചതിനും മുതലുകൾ നശിപ്പിച്ചതിനുമെതിരായാണ്. കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനം തടയൽ നിയമം 2 പി (3) പ്രകാരം അറിയപ്പെടുന്ന റൗഡി, നോൺ റൗഡി എന്ന് വിവക്ഷിച്ചിട്ടുള്ള വ്യക്തികൾ ക്രമസമാധാനത്തിനും പൊതുജനങ്ങളുടെ ജീവന് ഭീഷണിയും പൊതുമുതലിന് നാശമുണ്ടാക്കുന്നവരും നിയമപരിപാലനത്തിൽ

ഭംഗം വരുത്തുന്നവരുമാണെന്ന് വ്യക്തമായതിന്റെ അടിസ്ഥാനത്തിലാണ് ഇവർക്കെതിരെ നടപടിയെടുക്കുന്നത്. ഇത്തരം വ്യക്തികളെ കുറ്റകരമായ പ്രവർത്തനങ്ങളിൽ നിന്നും പിൻതിരിപ്പിക്കുന്നതിനായി യഥാസമയങ്ങളിൽ നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെങ്കിലും കുറ്റകൃത്യങ്ങളും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും വീണ്ടും ചെയ്തുകൊണ്ട് പൊതുജനങ്ങളുടെ സമാധാനപരമായ ജീവിതത്തിന് ഭീഷണി ജനിപ്പിക്കുന്നതിനാലാണ് അവരുടെ സാന്നിദ്ധ്യം പ്രദേശത്തുനിന്നും ഒരു വർഷത്തേയ്ക്ക് ഒഴിവാക്കുന്നതിന് മേൽവകുപ്പുകൾ അനുസരിച്ച് നടപടിയെടുക്കുന്നത്. സെക്ഷൻ 15(1) പ്രകാരം ഈ നോട്ടീസിൽ ഉൾപ്പെടുന്ന വ്യക്തിക്ക് പറയാനുള്ള അവസരം നൽകിയശേഷം മാത്രമേ നോട്ടീസ് നൽകിയ ഉദ്യോഗസ്ഥന് തുടർനടപടിയെടുക്കാൻ അധികാരമുള്ളു. സെക്ഷൻ 15(1) പ്രകാരം ജില്ലാ മജിസ്ട്രേറ്റോ ഐ.ജി.പി.യോ പുറപ്പെടുവിക്കുന്ന ഉത്തരവിനെ അസ്ഥിരപ്പെടുത്താൻ മേലുദ്യോഗസ്ഥർക്ക് ഈ നിയമപ്രകാരം അധികാരമില്ല. വകുപ്പ് 15(2) പ്രകാരം ഇപ്രകാരമുള്ള ഉത്തരവിനെതിരെ 15 ദിവസത്തിനകം KAPA ഉപദേശക ബോർഡിന് മുമ്പിൽ നിവേദനം നൽകാവുന്നതാണ്. കൂടാതെ സെക്ഷൻ 15(3) പ്രകാരം ഐ.ജി.പി.യ്ക്ക് വീണ്ടും പരാതി നൽകുകയോ അതുമല്ലെങ്കിൽ സർക്കാരിലേയ്ക്ക് പരാതി നൽകുകയോ ചെയ്യാവുന്നതാണ്. ഈ നിയമം ദുരുപയോഗപ്പെടുത്താതിരിക്കുവാൻ തക്കതായ വകുപ്പുകൾ അതിൽത്തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ തന്നെ ഈ തീരുമാനത്തിന് കീഴിൽ നടപടിയെടുക്കപ്പെടുന്ന ഏതൊരു വ്യക്തിക്കും ഉപദേശക

ബോർഡ്, സർക്കാർ എന്നിവിടങ്ങളിൽ പരാതി നൽകി പരിഹാരം കണ്ടെത്താവുന്നതാണ്. ഇതാണ് കേസിന്റെ പശ്ചാത്തലം.

രാഷ്ട്രീയ പ്രവർത്തകരുടെപേരിൽ ഒരു കാരണവശാലും KAPA മന:പ്പൂർവ്വം പ്രയോഗിക്കരുതെന്നുള്ളതാണ് സർക്കാരിന്റെ നിലപാട്. 11.6.2013 –ൽ എന്റെ മുൻഗാമി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ഒരു അടിയന്തരപ്രമേയ നോട്ടീസിന് മറുപടി പറഞ്ഞുകൊണ്ട് സർക്കാരിന്റെ നയം വ്യക്തമാക്കിയിട്ടുള്ളതാണ്. രാഷ്ട്രീയ പ്രവർത്തകരുടെ പേരിൽ രാഷ്ട്രീയ ദുരുദ്ദേശം വച്ചുകൊണ്ട് അനാവശ്യമായി KAPA പ്രയോഗിക്കരുതെന്ന നിർബന്ധപൂർവ്വമായ സമീപനം ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. പക്ഷേ രാഷ്ട്രീയ പ്രവർത്തകരായതുകൊണ്ട് ഗുരുതരായ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ സംരക്ഷിക്കുന്നതിനും ഗവൺമെന്റിന് സാധ്യമല്ല എന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ജെയിംസ് മാത്യു : സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞ കാര്യങ്ങൾ ഒരു തരത്തിലും അംഗീകരിക്കാൻ സാധിക്കുന്നവയല്ല. ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ മുൻ ആഭ്യന്തര വകുപ്പുമന്ത്രി ചുമതല വഹിച്ചിരുന്ന സന്ദർഭത്തിൽ ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ഈ സഭയിൽ ഉന്നയിച്ച ഒരു സബ്മിഷന് മറുപടിയായി പറഞ്ഞ കാര്യങ്ങൾ അദ്ദേഹം ആ സമയത്ത് പാലിച്ചിരുന്നു. സർക്കാരിലേയ്ക്ക് അപ്പീൽ കൊടുക്കാൻ പറഞ്ഞു. അപ്പീൽ കൊടുത്തു. അത് പരിഗണിച്ചു. തുടർനടപടി ഉണ്ടായില്ല. കുറേ മാസക്കാലം ഈ പ്രയാസം ഞങ്ങൾ അനുഭവിക്കാതെ സ്വതന്ത്രമായി രാഷ്ട്രീയ പ്രവർത്തനം നടത്തിവരികയായിരുന്നു. സമീപ

നാളുകളിൽ അദ്ദേഹത്തിന്റെ സ്ഥാനചലനത്തിന്റെ വാർത്തകളൊക്കെ വന്നു തുടങ്ങിയപ്പോഴാണ് വീണ്ടും പാർട്ടിപ്രവർത്തകർ, സംഘടനാ പ്രവർത്ത കർക്കെതിരെ നോട്ടീസ് അയച്ചുതുടങ്ങിയത്. ഈ ഒരു സാഹചര്യം അതീവ ഗൗരവതരമായ ഒരു സ്ഥിതി വിശേഷമാണ് കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ സൃഷ്ടിച്ചിരിക്കുന്നത്. ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി വിശദീക രണ നോട്ടീസ് കൊടുക്കുകയും ഇപ്പോൾ നാടുകടത്താൻ ഉത്തരവായിരിക്കു കയും ചെയ്യുന്നത് വിദ്യാർത്ഥി യുവജനപ്രവർത്തകർക്കുനേരെയാണ്. കണ്ണൂർ ജില്ലയിൽ രാജേഷ് (24), റെനീഷ് – (22), സൂരജ് – (25), അനൂപ് – (32), മനോജ് – (31) തുടങ്ങിയവർ കുറ്റക്കാരാണ്. ഈ ചെറുപ്പക്കാരെല്ലാം ചെയ്ത തെറ്റെന്താണ്? അദ്ദേഹം പറഞ്ഞത് ശരിയാണ്. ഇവരുടെ പേരിൽ അഞ്ചും ആറും ക്രിമിനൽ കേസുകളുണ്ട്. എന്നാൽ ഈ ക്രിമിനൽ കേസ് വന്നത് ഏത് സാഹചര്യത്തിലാണ്? ഇവർ ആരെങ്കിലും KAPA - യുടെ പരിധിക്കക ത്തുവരുന്ന കുറ്റകൃത്യം ചെയ്തവരാണോ? KAPA - യുടെ പരിധിയ്ക്കക ത്തുവരുന്ന കുറ്റകൃത്യങ്ങളെക്കുറിച്ച് വളരെ കൃത്യമായി പറയുന്നുണ്ട്. ആരൊക്കെയാണ് അതിന്റെ പരിധിയിൽ വരിക? വ്യാജവാറ്റുകാർ – എക്സൈസ് വകുപ്പ് വ്യാജവാറ്റിന്റെ പേരിൽ ഇവരുടെ ആരുടെയെങ്കിലും പേരിൽ കേസ് എടുത്തിട്ടുണ്ടോ? ഇവർ ആരെങ്കിലും കള്ളനോട്ടടിക്കാ രാണോ? ഇവർ ആരെങ്കിലും ഹവാല പണമിടപാടുകാരാണോ? ഇവർ ആരെ ങ്കിലും അസാന്മാർഗിക പ്രവർത്തനം നടത്തിയ ആളുകളാണോ? ഒന്നൊ ന്നായി അതിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളെടുത്തുപരിശോധിച്ചാൽ അതിൽ ഒരു ഗണത്തിലും ഇവർ പെടുന്നില്ല. പിന്നെ എന്താണുള്ളത്? അതിലൊരു ക്ലോസുണ്ട് – റൗഡി, അറിയപ്പെടുന്ന റൗഡിയെന്ന്. അറിയപ്പെ

ടുന്ന റൗഡിയായി ആരാണ് നിശ്ചയിക്കുന്നത്? അറിയപ്പെടുന്ന റൗഡിയായി നിശ്ചയിക്കുന്നത് സ്ഥലത്തെ ഐ.ജി.യുടെ നിലവാരത്തിലുള്ള ഒരു ഉദ്യോഗ സ്ഥനാണ്. അദ്ദേഹത്തിന് ലഭിക്കുന്ന ചില പോലീസ് റിപ്പോർട്ടുകളുടെ അടി സ്ഥാനത്തിലാണ് അദ്ദേഹം അങ്ങനെ നിശ്ചയിക്കുന്നത്. ഇവിടെ അനൂപ് എന്നുപറയുന്ന ചെറുപ്പക്കാരന് കൊടുത്ത നോട്ടീസിനകത്ത് പറയുന്നത് കേൾക്കണം – ടിയാനെതിരെ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൽ ടിയാന്റെ പങ്ക് വ്യക്തമായതിനാലാണ് കുറ്റപത്രം തയ്യാറാക്കി ബന്ധപ്പെട്ട കോടതികളിൽ സമർപ്പിച്ചിട്ടുള്ളതെന്നും ആർ.എം.പി.യിലും സി.പി.ഐ. (എം.) ഇതര സംഘ ടനയിൽപ്പെട്ട പ്രവർത്തകർക്കും അവരുടെ മുതലുകൾക്കും നേരെയുള്ള അക്രമങ്ങൾക്കും ടിയാൻ നേതൃത്വം കൊടുത്തുവെന്ന് ടിയാന്റെ പൂർവ്വകാല നടപടികൾ പരിശോധിക്കുമ്പോൾ വ്യക്തമാണെന്നും റിപ്പോർട്ട് ചെയ്തു. ആര് റിപ്പോർട്ടുചെയ്തു? ആ കുറ്റങ്ങളൊന്നും തെളിയിക്കപ്പെട്ടിട്ടില്ല. കോടതി വിധി പറഞ്ഞിട്ടില്ല. കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവി ഈ റിപ്പോർട്ട് കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് ഐ.ജി. നിരോധന ഉത്തരവ് കൊടുക്കുന്നത്. എന്നിട്ട് പറയുകയാണ്, ആവർത്തിച്ച് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന മനോജൻ എന്നുപറയുന്നയാളെ സാമൂഹ്യവിരുദ്ധ പ്രവർത്തന ത്തിന്റെ പരിധിയിൽ വരുന്ന അറിയപ്പെടുന്ന റൗഡിയായി പ്രഖ്യാപിച്ചു. ഇതെന്തൊരു ന്യായമാണ്. ന്യായമായിട്ടും മര്യാദയായിട്ടും രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന ആളുകൾക്ക് ഈ ജനാധിപത്യ ഭരണസംവിധാനത്തി നകത്ത് പ്രവർത്തിക്കാനേ സാധിക്കില്ലെന്നുള്ള അവസ്ഥയാണോ?

ഈ ചെറുപ്പക്കാർ നടത്തിയ കുറ്റകൃത്യങ്ങൾ ഞാൻ വായിക്കാം. അവർ നടത്തിയിട്ടുള്ള കുറ്റകൃത്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് വിലക്കയറ്റത്തിനെ തിരെ നടത്തിയ സമരമാണ്. വിലക്കയറ്റത്തിനെതിരെ സമരം നടത്തുന്നതിന്

ഈ രാജ്യത്ത് അവകാശമില്ലേ? ഡീസലിന്റെ വില മാസംതോറും വർദ്ധിപ്പിക്കുമ്പോൾ മാസംതോറും സമരം നടത്തേണ്ടിവരും. വിലക്കയറ്റത്തിനെതിരെ മാത്രമല്ല. പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിനെതിരെയും ചെറുപ്പക്കാർ സമരം നടത്തി, കേസ് വന്നു. സരിത നടത്തിയിട്ടുള്ള തട്ടിപ്പിനെതിരായി കരിങ്കൊടി പ്രകടനം നടത്തി, യൂണിവേഴ്സിറ്റി ഫീസ് വർദ്ധിപ്പിച്ചതിനെതിരെ സമരം നടത്തി, അതിനെല്ലാം കേസ് വന്നു. അഞ്ചും ആറും കേസ്സുകളിൽ പ്രതികളാകുന്നതിന് വേറെ എവിടെയെങ്കിലും കാരണമന്വേഷിച്ചുപോകേണ്ട കാര്യമുണ്ടോ; ഈ സഭയ്ക്കകത്തിരിക്കുന്ന അംഗങ്ങൾ വിശേഷിച്ച് പ്രതിപക്ഷാംഗങ്ങൾ പതിനഞ്ചും ഇരുപതും കേസ്സുകളിൽ പ്രതികളാണ്. ഈ ആക്ട് പ്രകാരം ഈ നിയമസഭാംഗങ്ങളെ മുഴുവൻ നിങ്ങൾ നാടുകടത്തുമോ; എന്തു കാരണം കൊണ്ടാണ് അതു ചെയ്യാൻ നിങ്ങൾക്ക് തോന്നാത്തത്. നിങ്ങൾ പറയുന്ന ഒരു ന്യായീകരണത്തിനും അടിസ്ഥാനമില്ല. തികച്ചും രാഷ്ട്രീയ പക്ഷപാതിത്വത്തോടുകൂടി നടത്തുന്ന ഒരു പ്രവർത്തിയാണിത്. 2006-ൽ ഇത്തരമൊരു നിയമം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൊണ്ടുവരാനിടയായ സാഹചര്യമെന്താണ്, ആ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പിടിച്ചുപറി, കൊള്ള, ഹവാല, മാഫിയ എന്നു വേണ്ട എല്ലാ കുറ്റകൃത്യങ്ങളുടെയും കേദാരഭൂമിയായിരുന്നു ഈ കേരളം. സ്വഭാവികമായും ഒരേ കുറ്റകൃത്യം നിരവധി തവണ ആവർത്തിക്കുന്ന ഒരു കുറ്റവാളിക്ക് കോടതിയുടെ മുമ്പിൽ വരുമ്പോൾ ആ കുറ്റകൃത്യത്തിൽ ആരോപിക്കപ്പെട്ടിട്ടുള്ള വകുപ്പെന്താണോ അതിൽ മാത്രമാണ് ശിക്ഷ കിട്ടുന്നത്. ചിലപ്പോൾ ശിക്ഷിക്കപ്പെട്ടെന്നിരിക്കും, ചിലപ്പോൾ വെറുതെ വിട്ടെന്നിരിക്കും. ഈ പ്രതി പുറത്തിറങ്ങി വീണ്ടും അതേ കുറ്റകൃത്യം ആവർത്തിക്കുകയാണ്. ഇങ്ങനെ

കുറ്റകൃത്യങ്ങൾ നിരന്തരം ആവർത്തിക്കപ്പെടുന്നു എന്നുള്ളതുകൊണ്ട് ഐ.പി.സി.യിൽ വേറെ വകുപ്പില്ല. അതുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നിരന്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കുന്ന ക്രിമിനലുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന്, ഒന്നുകിൽ നാടുകടത്തുകയോ ജയിലിലിടയ്ക്കുകയോ ചെയ്യുന്നതിന് 'KAPA' കൊണ്ടുവന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ നിയമം കൊണ്ടുവന്ന സമയത്ത് ഇപ്പോൾ ഭരണകക്ഷിയിലുള്ള അംഗങ്ങൾ പറഞ്ഞത് സഭാരേഖകളിലുണ്ട്. ഇത് രാഷ്ട്രീയ പ്രവർത്തകർക്കെതിരെ ഉപയോഗിക്കാൻ ഇടയില്ലേ എന്ന് ശങ്കിക്കുന്നു എന്ന് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെ പറഞ്ഞു, ഞാൻ സഭാരേഖകൾ പരിശോധിച്ചതാണ്. അദ്ദേഹം പറഞ്ഞിട്ടുണ്ട്. പക്ഷേ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു രാഷ്ട്രീയപ്രവർത്തകനെതിരെയും ഈ നിയമം ഉപയോഗിച്ചതായി ഭരണപക്ഷത്തിരിക്കുന്ന ആർക്കും പറയാൻ കഴിയില്ല. അവർ പ്രതിപക്ഷാംഗങ്ങളായി നാലുകൊല്ലം ഈ നിയമം വന്നതിനുശേഷം പ്രവർത്തിച്ചതാണ്. അവർ നിരവധി കേസ്സുകളിൽ പ്രതികളായിട്ടുണ്ട്. ഒരൊറ്റ കേസ്സിന്റെ പേരിലും അവരാരും 'KAPA' - യിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ഗവൺമെന്റ് മാറിയതിനുശേഷം ഇത് ആദ്യമായിട്ടല്ല, കണ്ണൂർ ജില്ലയിൽ 'KAPA' - യ്ക്ക് വിധേയമായി നാടുകടത്തപ്പെടുത്തുന്നതിനുവേണ്ടി ആദ്യ ഉത്തരവു വന്നതിൽ ഒരാൾ ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റാണ്. രണ്ടാമത്തേത് കണ്ണൂർ സർവ്വകലാശാല യൂണിയന്റെ ചെയർമാനായ എസ്.എഫ്.ഐ.യുടെ അഖിലേന്ത്യാ ഭാരവാഹിയാണ്. മൂന്നാമത്തെ ആൾ നമ്മുടെ സഭയിലംഗമായ ബഹുമാന്യയായ കെ. കെ. ലതികയുടെ മകൻ ജൂലിയസ് നികിതേഷ്, ആ ചെറുപ്പക്കാരൻ എഞ്ചിനീയറിംഗ്

ബിരുദധാരിയാണ്. അയാളെയാണ് നാടുകടത്താൻ ഈ ഗവൺമെന്റ് തീരുമാനിക്കുന്നത്. ഏത് ന്യായത്തിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റിന് ഇത് പറയാൻ സാധിക്കുന്നത്. രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായി കേസ്സുണ്ടാകും. ആ കേസ്സുകളിൽ ശിക്ഷ ഏറ്റുവാങ്ങാൻ ഞങ്ങൾ തയ്യാറാണ്. ഒരു തരത്തിലുമുള്ള ന്യായീകരണമോ കോടതിയുടെ ദയാദാക്ഷിണ്യമോ ഞങ്ങൾ ആവശ്യപ്പെടുന്നില്ല.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഇത് പ്രധാനപ്പെട്ട ഒരു ഇഷ്യൂ ആണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് ശ്രദ്ധിക്കേണ്ടതല്ലേ. ഒരു അടിയന്തരപ്രമേയം അവതരിപ്പിക്കുമ്പോൾ സഭയ്ക്ക് ഗൗരവം വേണ്ടതാണ്.

മി. സ്പീക്കർ: ആരെങ്കിലും മുഖ്യമന്ത്രിയെ കാണാൻ വന്നുവെന്ന് വരാം. അടിയന്തരപ്രമേയത്തിന്റെ വിഷയങ്ങൾ വളരെ ശ്രദ്ധാപൂർവ്വം കേട്ടുകൊണ്ട് ആഭ്യന്തര മന്ത്രി ഇരിക്കുന്നുണ്ട്. പ്ലീസ്... പ്ലീസ്......

ശ്രീ. ജെയിംസ് മാത്യൂ: സർ, നാലും അഞ്ചും കേസ്സുകളിൽ പ്രതികളാക്കപ്പെടുന്ന ആളുകളെ അറിയപ്പെടുന്ന റൗഡിയായി ചിത്രീകരിക്കുന്ന ഒരു പ്രവണത ഒരു കാരണവശാലും അംഗീകരിക്കപ്പെടാൻ പാടില്ലാത്തതാണെന്ന് ഞങ്ങൾ പ്രതിപക്ഷത്തുനിന്നു പറയുന്നതല്ല. പ്രിയപ്പെട്ട എം.എൽ.എ. ശ്രീ. എം. ഹംസയുടെ ഒരു ചോദ്യത്തിന് സർക്കാർ നൽകിയിട്ടുള്ള മറുപടിയുണ്ട്. നിയമവ്യവസ്ഥയ്ക്കകത്തുള്ള കാര്യങ്ങൾ ക്വാട്ട് ചെയ്തുകൊണ്ട് പറഞ്ഞതാണ്. ഞാൻ അത് ഇവിടെ വായിക്കാം. 'മുൻകൂട്ടി അറിയിച്ചുകൊണ്ട് പാർട്ടി സംഘടിപ്പിക്കുന്ന പ്രക്ഷോഭത്തിലോ പ്രതിഷേധത്തിലോ പരിപാടികളിലോ ആ പാർട്ടി പ്രവർത്തകരുടെ പൊതുവായ ഇടപെടൽ കൊണ്ടുണ്ടായ ഒരു സംഭവത്തിൽ ഒരു അംഗീകൃത രാഷ്ട്രീയ പാർട്ടിയിലെ അംഗമെന്ന നിലയിൽ

ഒരാൾ ഉൾപ്പെടുകയാണെങ്കിൽ, അങ്ങനെയുള്ള കുറ്റം അയാൾ ഒരു അറിയപ്പെടുന്ന റൗഡിയായി തീരുമാനിക്കുന്നതിനായി കണക്കിലെടുക്കാവുന്ന കുറ്റങ്ങളിൽ നിന്നും ഒഴിവാക്കണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.' ഇത് നിയമത്തിനകത്തെ വ്യവസ്ഥയാണ്. ഇത് ഈ ഗവൺമെന്റ് ചോദ്യത്തിനുത്തരമായി തന്നതാണ്. അതെങ്കിലും പരിഗണിക്കാനുള്ള സാമാന്യ മര്യാദയുണ്ടാകേണ്ടതല്ലേ. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ഈ നിയമം ഉപയോഗിച്ചതിന്റെ ഫലമായി സംസ്ഥാനത്ത് മാറ്റമുണ്ടായി. കേരളത്തിലെ ആദ്യത്തെ വനിതാ ഗുണ്ട 'KAPA' നിയമപ്രകാരം അറസ്റ്റ് ചെയ്യപ്പെട്ടു. കേരളത്തിന്റെ ചരിത്രത്തിലല്ല ഇൻഡ്യയുടെ ചരിത്രത്തിൽ ഒരു സ്ത്രീ ഇതുപോലെ അറസ്റ്റ് ചെയ്യപ്പെട്ട ഒരു അവസരമുണ്ടോ; ശോഭാജോൺ എത്ര കേസ്സുകളിൽ പ്രതിയായിരുന്നു. ആ കേസ്സുകളുടെ എണ്ണം പറഞ്ഞാൽ അത് സരിതയുടെ പേരിലുള്ള കേസ്സുകളുടെ നാലിലൊന്നേയുള്ളൂ. സരിതയുടെ പേരിൽ 44 കേസ്സുകളാണുള്ളത്. അങ്ങനെ 44 കേസ്സുകളുള്ള സരിതയുടെ പേരിൽ 'KAPA' ഇല്ല. 49 കേസ്സുകളുള്ള ബിജു രാധാകൃഷ്ണന്റെ പേരിൽ 'KAPA' ഇല്ല. പാവപ്പെട്ട മനോജിന്റെ പേരിൽ, അനൂപിന്റെ പേരിൽ, രജീഷിന്റെ പേരിൽ, അവരൊക്കെ ആരാണ്. എന്റെ ജില്ലയ്ക്കകത്ത് ഐ.ആർ.പി.സി. എന്നു പറയുന്ന സാന്ത്വനപരിപാലന സംഘടനയുടെ പ്രവർത്തനമേറ്റെടുത്ത് നാട്ടിൽ രോഗം വന്നയാളുകളുടെ ചികിത്സയ്ക്കുവേണ്ടി സാമ്പത്തികസഹായം തേടുകയും അവരെ ആശുപത്രിയിൽ കൊണ്ടുപോകുകയും രക്തദാനം ചെയ്തു പ്രവർത്തിക്കുകയും ചെയ്യുന്ന ആളുകൾ, അവർ 'KAPA' യുടെ പേരിൽ നാടുകടത്തപ്പെടുന്നു.

സരിതയ്ക്കും ബിജുരാധാകൃഷ്ണനും കോടതി ചോദിച്ചതുപോലെ വി.ഐ.പി. ട്രീറ്റ്മെന്റല്ലേ നൽകുന്നത്. ഇതാണോ ഈ ഗവൺമെന്റിന്റെ നിലപാട്? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ശോഭാജോണിനെതിരെ 'KAPA' പ്രയോഗിച്ചു. ഈ ഗവൺമെന്റ് 49-ഉം 44-ഉം കേസ്സുകളുള്ള ആളുകളുടെ പേരിൽ ഒരു നടപടിയും സ്വീകരിക്കുന്നില്ല. ഈ ഗവൺമെന്റിന്റെ ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അയച്ച കത്തുകൂടി ഒന്നു വായിച്ചോട്ടെ, ഇത് കേൾക്കണം - 'കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം ദുരുപയോഗം ചെയ്ത് സംസ്ഥാനത്ത് രാഷ്ട്രീയ പ്രവർത്തകർക്കെതിരെ നടപടി സ്വീകരിക്കുന്നുവെന്ന പരാതി ജനപ്രതിനിധികളും രാഷ്ട്രീയപ്രവർത്തകരും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. പോലീസ് സ്വമേധയാ രജിസ്റ്റർ ചെയ്ത കേസ്സുകൾ പരിഗണിച്ച് കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമത്തിലെ 3(1), 15(1) എന്നീ വകുപ്പുകൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നു എന്നുള്ളതാണ് പ്രധാനമായും ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണം. കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമത്തിലെ 3(1), 15(1) വകുപ്പ് പ്രകാരമുള്ള നടപടി സ്വീകരിക്കുമ്പോൾ ടി നിയമത്തിലെ വ്യവസ്ഥകളും മാനദണ്ഡങ്ങളും മുമ്പ് സർക്കാർ ഇക്കാര്യത്തിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങളും കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിക്കുന്നു.' ഇത് പ്രിൻസിപ്പൽ സെക്രട്ടറി ഡി.ജി.പി. ഉൾപ്പെടെയുള്ള പോലീസ് മേധാവികൾക്ക് ഈ മാസം 15-ാം തീയതി അയച്ചുകൊടുത്ത കത്താണ്. പക്ഷേ, ഇതിനൊന്നും ഒരു വിലയുമില്ല. മുൻ ആഭ്യന്തരവകുപ്പുമന്ത്രി ഇക്കാര്യത്തിൽ എടുത്തിട്ടുള്ള നിലപാ

ടുണ്ട്. ആ നിലപാട് ഞങ്ങൾ സ്വാഗതം ചെയ്തു. എസ്.എഫ്.ഐ.യുടെയും ഡി.വൈ.എഫ്.ഐ.യുടെയും പ്രവർത്തകൾ ഐ.ജി. ഓഫീസിനുമുമ്പിൽ പന്ത്രണ്ട് ദിവസക്കാലം രാപ്പകൽ സമരം നടത്തി, ആ സമരം അവസാനിപ്പിച്ചത് ഈ സഭയ്ക്കകത്ത് നൽകിയ ഉറപ്പ് പാലിക്കുമെന്നുള്ള വിശ്വാസത്തിലാണ്. അതനുസരിച്ച് സമരം പിൻവലിച്ചു. മാസങ്ങൾ കടന്നുപോയി. ഇപ്പോഴിതാ വീണ്ടും ഇതെല്ലാം പുനരവതരിപ്പിക്കപ്പെടുകയാണ്. എങ്ങനെ രാഷ്ട്രീയ പ്രവർത്തനം നടത്താൻ സാധിക്കും. എങ്ങനെയാണ് സ്വതന്ത്രവും ജനാധിപത്യപരവുമായ രീതിയിൽ ജനങ്ങളുടെ പക്ഷത്ത് നിന്ന് പ്രവർത്തിക്കാൻ സാധിക്കുന്നത്. അതിന് സാധിക്കാത്ത വിധത്തിൽ രണ്ടോ നാലോ കേസ്സുകൾ വന്നാലുടൻ 'KAPA' പ്രകാരം നാടു കടത്തുകയാണ് ഇതിലൊരു ഒരു ചെറുപ്പക്കാരനായ അനൂപിന്റെ കാര്യം കേൾക്കണം. ഒരു മാസംമുമ്പ് അയാളുടെ അച്ഛൻ മരിച്ചുപോയി. നിത്യരോഗിയായ അമ്മ കമലയുടെ ഏക അവലംബമായ ഈ ചെറുപ്പക്കാരനെ നാടു കടത്തുകയാണ്. ആ കുടുംബത്തെ ആരു സംരക്ഷിക്കും അങ്ങനെ നാട് കടത്തിയതുകൊണ്ട് ഈ ഗവൺമെന്റിന് എന്ത് നേട്ടമാണുണ്ടാകുന്നത്. ആ ചെറുപ്പക്കാരന് ഉള്ള തൊഴിൽ നഷ്ടപ്പെടുകയല്ലേ. ഒരു കൊല്ലത്തേക്ക് നാടുകടത്തിയാൽ പോകുന്ന സ്ഥലത്ത് ഒരു ജോലി ലഭിക്കുമോ? ഒരുപാട് കുടുംബങ്ങളെ ഇങ്ങനെ നിരാലംബരാക്കിയതിനുശേഷം ഈ ഗവൺമെന്റിന് എന്ത് നേട്ടമാണുള്ളത്. ഇതിൽ എന്ത് ന്യായമാണുള്ളത്? എന്തിനാണ് ഇങ്ങനെ പാവപ്പെട്ട മനുഷ്യരുടെ കുടുംബങ്ങളെ നിരാലംബരാക്കുന്നത്.

<u>മി. സ്പീക്കർ</u> : ശ്രീ. ജെയിംസ് മാത്യൂ, പ്ലീസ് കൺക്ലൂഡ്...

ശ്രീ. ജെയിംസ് മാത്യൂ : ഞാൻ നിർത്തുകയാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് പറയുമ്പോൾ അതൊരു നിർബന്ധബുദ്ധി യല്ല. ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി തന്റെ മുൻഗാമിയെക്കാൾ ഒരു പടി കൂടി മെച്ചപ്പെട്ട രീതിയിൽ ഈ പൊതു ജനാധിപത്യ സംവിധാനത്തെ സംരക്ഷിക്കുന്നതിനുവേണ്ടി തയ്യാറാകുമെന്ന ആത്മാർത്ഥമായ പ്രതീക്ഷ യുണ്ട്. വേറൊന്നും കൊണ്ടല്ല, അധികാരം ലഭിച്ചാലുടൻതന്നെ അതിന്റെ മത്ത് ഉണ്ടാകാനിടയില്ലാത്ത ഒരാളാണ്, വളരെ ചെറിയ പ്രായത്തിൽത്തന്നെ മന്ത്രിസ്ഥാനം വഹിക്കാൻ കഴിഞ്ഞിട്ടുള്ള ഒരാൾ എന്ന നിലയിൽ തീർച്ച യായും കുറച്ചുകൂടി വിശാലമനസ്കതയോടുകൂടി ഈ കാര്യങ്ങളെ നോക്കി ക്കാണാൻ അദ്ദേഹത്തിന് കഴിയുമെന്നുള്ള ആത്മാർത്ഥമായ പ്രതീക്ഷ യാണുള്ളത്. രാഷ്ട്രീയ പ്രവർത്തകർക്കെതിരെ ‘KAPA’ ഉപയോഗിക്കുന്ന തിൽ നിന്ന് ഈ സർക്കാർ പിൻവാങ്ങണമെന്ന് ശക്തിയായി ആവശ്യപ്പെടുന്ന തോടൊപ്പം സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണനാണ് ഈ സംഭവം ആദ്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. അതുകഴിഞ്ഞ് മുൻ എം.എൽ.എ. ശ്രീ. എം. വി. ജയരാജനും ഫോണിലൂടെ ഈ വിവരം എന്നോട് സംസാരിച്ചു. ഇന്നലെ അസംബ്ളിയിൽ വച്ച് ശ്രീ. ജെയിംസ് മാത്യൂ, ശ്രീ. റ്റി. വി. രാജേഷ്, ശ്രീ. കെ. കെ. നാരായണൻ, ശ്രീ. സി. കൃഷ്ണൻ എന്നീ എം.എൽ.എ. – മാർ ഇതു സംബന്ധിച്ച് ഒരു നിവേദനം എനിക്ക് നൽകുകയുണ്ടായി. ഇതിനകത്ത് ഒരു കാര്യം വ്യക്തമാക്കുന്നത് ഗവൺമെന്റ് ഒരു കാരണവശാലും രാഷ്ട്രീയ പ്രതി

യോഗികളാണെന്നുള്ള കാരണം കൊണ്ട് 'KAPA' പ്രയോഗിക്കാൻ ആഗ്രഹിക്കുന്നില്ല. ഒരു കാരണവശാലും രാഷ്ട്രീയ ഗൂഢലക്ഷ്യങ്ങൾ വച്ചുകൊണ്ട് ഇത്തരം പൊതുപ്രവർത്തകർക്കുനേരെ 'KAPA' പ്രയോഗിക്കണമെന്നുള്ള ആഗ്രഹം ഈ ഗവൺമെന്റിനില്ല. എൽ.ഡി.എഫ്. ഗവൺമെന്റ് 2007–ലാണ് 'KAPA' നിയമം നടപ്പാക്കിയത്. ആ നിയമം നടപ്പാക്കി വന്നതിന്റെ സാഹചര്യത്തിൽ പല ഘട്ടത്തിലും ഇത്തരം ചില ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അത് മുൻനിർത്തിയാണ് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ജെയിംസ് മാത്യൂ ഇവിടെ ചൂണ്ടി കാണിച്ചതുപോലെ ഞാൻ മന്ത്രിയായി ചാർജ് എടുത്തതിനു ശേഷമാണ് ഹോം സെക്രട്ടറിയോട് ഇതു സംബന്ധിച്ചുള്ള ഒരു ഉത്തരവ് ഇറക്കണമെന്ന് ആവശ്യപ്പെട്ടത്. ആ ഉത്തരവ് ഇവിടെ അദ്ദേഹം വായിച്ചു. അതിൽ ഗവൺമെന്റിന്റെ ഉദ്ദേശം വളരെ വ്യക്തമാണ്. അകാരണമായി ഗുണ്ടാ ലിസ്റ്റിൽ ഉൾപ്പെടുത്തി രാഷ്ട്രീയ പ്രവർത്തകരെ ആരെയെങ്കിലും ഒരു കാരണവശാലും ദ്രോഹിക്കരുതെന്ന ഗവൺമെന്റിന്റെ നിലപാട് വളരെ വ്യക്തമായി തന്നെ ശ്രീ. ജെയിംസ് മാത്യൂ ഇവിടെ വായിക്കുകയുണ്ടായി. ഈ കേസിൽപ്പെട്ടവരുടെ കേസ്സുകളൊന്നും ഞാൻ വായിക്കുന്നില്ല. അവർ ചെയ്ത കുറ്റകൃത്യങ്ങൾ പറഞ്ഞ് ഞാൻ ആരെയും പ്രകോപിക്കാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ, അവർ കുറ്റകൃത്യങ്ങൾ ചെയ്തിട്ടുണ്ടെന്നുള്ളതാണ് വസ്തുത. എന്നാൽപോലും അവർ രാഷ്ട്രീയ പ്രവർത്തകർ ആയതുകൊണ്ടും കുറ്റകൃത്യങ്ങൾ ക്രിമിനൽ സ്വഭാവമുള്ളതാണ് എന്ന് വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് ഐ.ജി.പി. കേസ് എടുത്തിട്ടുള്ളത്. എന്നാൽപോലും അവർ പൊതുപ്രവർത്തകരായതുകൊണ്ട് രാഷ്ട്രീയ സംഘട്ടനങ്ങളിലുമൊക്കെ ഉൾപ്പെട്ടിട്ടുള്ള കേസാണ് കൂടുതലും എന്നുള്ളതു

കൊണ്ട് അവർക്ക് ഈ നിയമപ്രകാരംതന്നെ അപ്പീൽ സമർപ്പിക്കാവുന്നതാണ്. 'KAPA' ആക്ട് അഡ്വൈസറി ബോർഡ് ചെയർമാൻ റിട്ടയേർഡ് ജഡ്ജി ശ്രീ. വി. രാംകുമാർ, ശ്രീ. പോൾ സൈമൺ, റിട്ടയേർഡ് ജഡ്ജ്, അഡ്വക്കേറ്റ് ശ്രീ. തോമസ് മാത്യൂ ഇവരടങ്ങുന്ന ബഞ്ചിന്റെ മുമ്പിൽ അവർക്ക് അപേക്ഷ കൊടുക്കാവുന്നതാണ്. കേസ്സിന്റെ മെരിറ്റനുസരിച്ച് ബോർഡിന് ഈ കാര്യം പരിശോധിക്കാവുന്നതാണ്. സർക്കാരിനും അപ്പീൽ നൽകാവുന്നതാണ്. ഇത് ഒരു കാരണവശാലും ഈ നിയമം ദുരുപയോഗപ്പെടുത്താൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. അതേ സമയം രാഷ്ട്രീയ പ്രവർത്തകരാണെന്നുള്ളതുകൊണ്ട് മറ്റ് രാഷ്ട്രീയ പ്രവർത്തകന്മാരെ ആക്രമിക്കുകയും ഓഫീസുകൾ തീയിടുകയും പ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്ത് കുറ്റകൃത്യങ്ങൾ നിരന്തരമായി ആവർത്തിക്കുന്ന നടപടികൾ ജനാധിപത്യത്തിന് ശക്തിപ്പെടുത്തുക അല്ല ദുർബലപ്പെടുത്തുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഇതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന് വളരെ ......

ഡോ. ടി. എം. തോമസ് ഐസക് : ഗവൺമെന്റിന് അപ്പീൽ കൊടുക്കാൻ കഴിയും. അതിന് നിയമ വ്യവസ്ഥയുണ്ട്. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശം ഈ രീതിയിൽ പരസ്യമായി ലംഘിക്കുന്ന ഉദ്യോഗസ്ഥനോടുള്ള സർക്കാരിന്റെ സമീപനമെന്താണ്?

ശ്രീ. രമേശ് ചെന്നിത്തല : കേസ്സുകളുടെ ഡീറ്റെയിൽസ് വായിച്ചാൽ ഉദ്യോഗസ്ഥൻ ഒരു തെറ്റും ചെയ്തിട്ടില്ല. പക്ഷേ, രാഷ്ട്രീയ പ്രവർത്തകരാണെന്നുള്ള ഒരു ആറ്റിറ്റ്യൂഡ് ഗവൺമെന്റ് ആ കാര്യത്തിൽ സ്വീകരിക്കുന്നതാണ്. ഉദ്യോഗസ്ഥൻ എടുത്ത നടപടി സ്ട്രിക്ട്ലി ഓൺ ലീഗൽ ടേംസിൽ പരിശോധിച്ചാൽ അദ്ദേഹത്തിന്റെ പേരിൽ നമുക്ക് കേസ്സെടുക്കാം.

ഡോ. ടി. എം. തോമസ് ഐസക് : കുറ്റകൃത്യങ്ങൾ ആരോപിക്കപ്പെട്ടിരുന്നത് വായിച്ചു കഴിഞ്ഞാൽ ഭീകരം. ഇന്ന് കാലത്ത് അങ്ങ് പറഞ്ഞത് കുറ്റവാളി എന്ന് പ്രഖ്യാപിക്കുന്നതിനു മുമ്പ് അത് തെളിയിക്കപ്പെടണം ശിക്ഷിക്കപ്പെടുമെന്നാണ് പറഞ്ഞത്. ഒന്നുമില്ലാതെ പോലീസുകാരെ കുറ്റവാളി യെന്ന് പറഞ്ഞുകഴിഞ്ഞാൽ നമ്മൾ അംഗീകരിച്ചു കൊടുക്കാൻ സാധിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: 2007–ൽ പാസ്സാക്കിയ നിയമത്തിലെ സെക്ഷൻ 15 അനുസരിച്ചാണ് ഈ നടപടികൾ ഉണ്ടായിട്ടുള്ളത്. ഈ നടപടികളെ ഓവർറൂൾ ചെയ്യാനുള്ള അധികാരം മുകളിലുള്ള ഉദ്യോഗസ്ഥന്മാർക്കില്ല എന്നുള്ളതും നിയമത്തിൽ വളരെ സ്പഷ്ടമായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. അതുകൊണ്ട് എനിക്ക് പറയുവാനുള്ളത് വലിയ വിവാദത്തിലേക്ക് പോകാതെ അനാവശ്യമായി നിയമം ഉപയോഗിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. ഈ കേസ്സിനെ സംബന്ധിച്ച് നാല് എം.എൽ.എ. – മാർ വന്ന് നിവേദനം നൽകിയപ്പോൾ ഞാനവരോട് പറഞ്ഞു അവർക്ക് നിയമത്തിന് അനുസരിച്ചുള്ള അപ്പീൽ കൊടുക്കുവാനുള്ള അവകാശമുണ്ട്. ഗവൺമെന്റ് ഇക്കാര്യത്തിൽ എടുത്ത നിലപാട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മന്ത്രിയായിരുന്ന സമയത്ത് എടുത്ത നിലപാട് തന്നെയാണ് ഒരു കാരണവശാലും രാഷ്ട്രീയ പ്രതിയോഗികളുടെമേൽ ‘KAPA’ ഉപയോഗിക്കാൻ ആഗ്രഹിക്കുന്നില്ല. അതേ സമയം രാഷ്ട്രീയ പ്രവർത്തകന്മാരായിട്ടുള്ള ആളുകൾ കുറ്റകൃത്യങ്ങൾ ചെയ്യാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതും നമ്മുടെ പൊതു സമൂഹത്തിന് അനിവാര്യമാണ് എന്നുള്ള വസ്തുത കൂടി എല്ലാവരും കണക്കിലെടു

ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരാവശ്യം ഉണ്ട് എന്നെനിക്ക് തോന്നുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : ഇവിടെ പരാമർശിച്ച 'KAPA' നിയമം കൊണ്ടുവന്നത് കൊടും കുറ്റവാളികളെ നിയമത്തിനു മുമ്പിൽ കൊണ്ടുവരുന്നതിനും ശിക്ഷിക്കുന്നതിനും വേണ്ടിയാണ്. എൽ.ഡി.എഫ്. സർക്കാരാണ് ഈ നിയമം കൊണ്ടുവന്നത്. എന്നാൽ ബഹുജന സമരങ്ങളിൽ പങ്കെടുക്കുന്നവർക്കെതിരെ നിയമം ദുരുപയോഗപ്പെടുത്തുന്നത് ശരിയാണോ? ബഹുജന സമരങ്ങളെ അടിച്ചമർത്താനാണ് ഇത് യു.ഡി.എഫ്. സർക്കാർ ഉപയോഗിക്കുന്നത്. ഇത് തികച്ചും ജനാധിപത്യവിരുദ്ധവും ഭരണഘടനാ വിരുദ്ധവുമാണ്. ഈ നിയമം ഉപയോഗിച്ച് കൊടും കുറ്റവാളികളെയാണ് പിടികൂടേണ്ടത്. പക്ഷേ, ഈ ഗവൺമെന്റ് അത് ചെയ്യുന്നില്ല. കൊടും കുറ്റവാളികൾ ഇപ്പോഴും സൈ്വരവിഹാരം നടത്തുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. നിങ്ങളുടെ രാഷ്ട്രീയ എതിരാളികളെ അമർച്ച ചെയ്യാനാണ് ഈ നിയമം ഉപയോഗിക്കുന്നത്. ഈ സർക്കാരിന്റെ നാണംകെട്ട നടപടികളും കൊടിയ അഴിമതികളും ബഹുജനശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ജനാധിപത്യ വിശ്വാസികൾ പലതരം സമരങ്ങളും നടത്തുന്നത്. അത്തരം സമരങ്ങളെ 'KAPA' – യുടെ പഴുതുകളിൽ ദുരുപയോഗം ചെയ്ത് അടിച്ചമർത്താൻ ശ്രമിക്കുന്നത് അങ്ങേയറ്റം അപലപനീയമാണ്. ഈ സ്ഥിതി

വിശേഷം സംബന്ധിച്ച് ചർച്ചയ്ക്ക് തയ്യാറാകാത്ത, സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്ത, ഈ സർക്കാരിന്റെ ജനവിരുദ്ധ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്ക് ഔട്ട് ചെയ്യുകയാണ്.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി.എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഇ. ചന്ദ്രശേഖരൻ : സാമൂഹ്യവിരുദ്ധ പ്രവർത്തകർക്കെതിരെ, കൊടും കുറ്റവാളികൾക്കെതിരെ സ്വീകരിക്കാനുള്ള നിയമപരമായ നടപടി എന്ന നിലയിലാണ് 'KAPA' ഇവിടെ നിയമസഭ അംഗീകരിച്ചതെന്ന് നേരത്തെ പറയുകയുണ്ടായി. അങ്ങനെ ഒരു നിയമമുണ്ട് എന്നതിന്റെ പേരിൽ രാഷ്ട്രീയ പ്രവർത്തകർക്കെതിരായി അതുപയോഗിക്കപ്പെടുമ്പോൾ ഉണ്ടാകുന്ന വിമർശനമാണ് ഇപ്പോൾ ഉയർന്നുവന്നിരിക്കുന്നത്. ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോൾ തന്നെ അദ്ദേഹം ആവർത്തിച്ചാവർത്തിച്ച് പറഞ്ഞ ഒരു കാര്യം രാഷ്ട്രീയ പ്രവർത്തകർക്കു നേരെ ഈ നിയമം ഉപയോഗിക്കപ്പെടരുതായിരുന്നു എന്ന അർത്ഥത്തിൽ തന്നെയാണ് കാര്യങ്ങളെല്ലാം അവതരിപ്പിച്ചത്. കൊടും കുറ്റവാളികൾ എന്നിവരുടെ പട്ടികയിൽ ഇവരുടെ പേരുകളിൽ കുറ്റം ആരോപിക്കപ്പെട്ടു എന്നതുകൊണ്ടുമാത്രം തീരുമാനമെടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അവരെ നാടു കടത്തുകയും ചെയ്യുക എന്ന നിലപാട് സ്വീകരിച്ചതിനോട് മാനസികമായി ആഭ്യന്തര വകുപ്പുമന്ത്രി പോലും യോജിക്കുന്നില്ല എന്നുള്ള രീതിയിലാണ് അദ്ദേഹത്തിന്റെ പ്രതികരണത്തിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. പരിശോധിക്കപ്പെടേണ്ടതാണെന്നും ബന്ധപ്പെട്ട അപ്പീൽ അതോറിറ്റിക്ക്

മുമ്പാകെ അത് സമർപ്പിക്കാമെന്നും സർക്കാരിന് അത് പരിശോധിക്കാമെന്നും ആവശ്യമാണെങ്കിൽ ഈ കാര്യങ്ങളിലൊക്കെതന്നെ വേണ്ടുന്ന നടപടികൾ സ്വീകരിക്കാമെന്നും ധ്വനിയോടുകൂടിയാണ് അദ്ദേഹം മറുപടി ഇവിടെ പറഞ്ഞത്. അത്തരമൊരു സാഹചര്യത്തിൽ ഈ വിഷയം ഇവിടെ ചർച്ച ചെയ്യപ്പെടുന്നതു കൊണ്ട് പ്രശ്നമുണ്ടാകുമായിരുന്നു എന്നു തോന്നുന്നില്ല. എന്തായാലും ഈ നടപടിയിൽ ഈ പ്രശ്നം ചർച്ച ചെയ്യുന്നതിന് സന്നദ്ധമാകാത്ത ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്ക്ഔട്ട് നടത്തുകയാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഇ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മാത്യു. റ്റി. തോമസ് : നിയമം നിഷ്പക്ഷമായി ഇരുന്നാൽ മാത്രം പോര നിഷ്പക്ഷമായി നടപ്പാക്കുകകൂടി ചെയ്യേണ്ടിയിരിക്കുന്നു. കുറ്റകൃത്യം ചെയ്യുന്നതിന് രാഷ്ട്രീയ പ്രവർത്തകർക്ക് പ്രത്യേകം അധികാരമില്ല എന്നുള്ള വസ്തുത ഞാൻ സമ്മതിക്കുന്നു. ഏതെങ്കിലും സാമൂഹ്യവിരുദ്ധ പ്രവൃത്തികളിൽ ഏർപ്പെട്ട് കഴിഞ്ഞാൽ രാഷ്ട്രീയ പ്രവർത്തകനായതുകൊണ്ട് നടപടി പാടില്ല എന്ന വാദഗതി ഈ സഭയിൽ ആരും ഉന്നയിക്കാൻ പാടില്ല. ഇവിടത്തെ പ്രശ്നം ജനകീയാവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നടത്തുന്ന പ്രക്ഷോഭങ്ങളെയും ഈ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തികൊണ്ട് അത്തരം പ്രക്ഷോഭങ്ങളിൽ പങ്കെടുക്കുന്നത് ഒരു സാമൂഹ്യവിരുദ്ധ പ്രവർത്തനമായി കണ്ട് കേസ്സെടുത്ത് അവരെ നാടുകടത്തുന്ന സംവിധാനം ഈ നാട്ടിലെ ജനാധിപത്യ വ്യവസ്ഥയോട് തന്നെ

യുള്ള ഒരു വെല്ലുവിളിയാണ്. ജനാധിപത്യ പ്രക്രിയയിൽ സർക്കാരിന്റെ നയങ്ങളെ വിമർശിക്കാനും അവയ്ക്കെതിരെ സമരം നടത്താനും പ്രക്ഷോഭ ങ്ങൾ സംഘടിപ്പിക്കാനുമുള്ള അവകാശം ജനങ്ങളുടെ മൗലികാവകാശമായി മാറുകയാണ്. ആ അവകാശങ്ങളെ ധ്വംസിക്കുന്ന തരത്തിൽ ഈ നിയമം പ്രയോഗിക്കുന്നത് ആണ് ഇവിടെ എതിർക്കപ്പെടേണ്ടത്. അതിൽ വളരെ ഗൗരവമായ ചില വസ്തുതകൾ ഉന്നയിച്ചുകൊണ്ട് അടിയന്തരപ്രമേയ ചർച്ചക്ക് നോട്ടീസ് നൽകിയതിന് അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യൂ റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടി യിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. എ. എ. അസീസ്: സർ, 'കാപ്പ' നിയമം ഈ സഭ പാസ്സാക്കു മ്പോൾ അന്ന് ആശങ്ക പ്രകടിപ്പിച്ചത് അന്നത്തെ പ്രതിപക്ഷമായിരുന്ന യു.ഡി. എഫ്.-ലെ സുഹൃത്തുക്കളായിരുന്നു. ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ രാഷ്ട്രീയ പ്രവർത്തകരുടെമേൽ ചുമത്താൻ സാധിക്കുന്നതല്ലേ എന്ന ചോദ്യമായിരുന്നു അന്ന് ചോദിച്ചത്. ഇപ്പോൾ ആ ആശങ്ക ഞങ്ങളിലാണുണ്ടായിരിക്കുന്നത്. ഭരണം മാറി യു.ഡി. എഫ്. അധികാരത്തിൽ വന്നപ്പോൾ 'കാപ്പ' നിയമം ഞങ്ങളുടെ നേരെയാണ് പ്രയോഗിച്ചുതുടങ്ങിയിരിക്കുന്നത്. യഥാർത്ഥത്തിൽ പ്രതികാരപരമായ സമീപനമാണ് 'കാപ്പ' നിയമം നടപ്പാക്കിയതിന്റെ പിന്നിലുള്ളത്. കണ്ണൂർ, കോഴിക്കോട് ജില്ലകളിലാണ് ഇത് നടപ്പാക്കിയത്. രാഷ്ട്രീയ പ്രതിയോഗിക

ളെത്തന്നെയാണ് നാടുകടത്തിയിരിക്കുന്നത്. രാഷ്ട്രീയ പ്രവർത്തനത്തിന്റെ പേരിലാണ് ഒന്നിലധികം കേസുകൾ ചാർജ് ചെയ്തതിനുശേഷം 'കാപ്പ' നിയമമനുസരിച്ച് നാടുകടത്താൻ തീരുമാനമെടുത്തത്. വാസ്തവത്തിൽ ഇത് ശരിയായ നടപടിയല്ല. ഇക്കാര്യം ചർച്ച ചെയ്യപ്പെടേണ്ടതാണ്. ചർച്ച ചെയ്യാൻ കൂട്ടാക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, 'കാപ്പ' നിയമം ദുരുപയോഗം ചെയ്യുന്നതുസംബന്ധിച്ചാണ് അടിയന്തര പ്രമേയത്തിലൂടെ സഭയുടെ ശ്രദ്ധ ക്ഷണിക്കാൻ ശ്രമിച്ചത്. സർക്കാരിന്റെ സദുദ്ദേശ്യമനുസരിച്ചല്ല കാര്യങ്ങൾ നീങ്ങുന്നത് എന്നുള്ളത് ആഭ്യന്തര വകുപ്പു മന്ത്രിയുടെ മറുപടിയിൽനിന്നുതന്നെ വ്യക്തമായിട്ടുള്ളതാണ്. അതുതന്നെയാണ് ഗുരുതരമായ പ്രശ്നം. എനിക്കറിയേണ്ടത് രാഷ്ട്രീയ പ്രവർത്തകരെയല്ലാതെ ഏതെങ്കിലും അറിയപ്പെടുന്ന ഗുണ്ടകളെ 'കാപ്പ' നിയമമനുസരിച്ച് നാടുകടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നുള്ളതാണ്. അപ്പോൾ ആ മേഖലയിലേയ്ക്കൊന്നും പോകാതെ രാഷ്ട്രീയ പ്രവർത്തകരുടെ നേരെമാത്രം ഒരു പകപോക്കൽ നയം സ്വീകരിക്കുന്ന ഒരു പ്രശ്നം ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടപ്പോൾ ഈ സഭ അത് അംഗീകരിച്ച് ചർച്ച ചെയ്തിരുന്നുവെങ്കിൽ യഥാർത്ഥത്തിൽ നിയമം ദുരുപയോഗപ്പെടുത്തുന്നവരെ കണ്ടെത്താനും സ്റ്റേറ്റിന് നല്ല മാതൃകയാക്കി മാറ്റാനും കഴിയുമായിരുന്നു. പക്ഷെ നിഷേധാത്മകമായ നിലപാടാണ്

സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ആ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

(പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)

( ശ്രദ്ധക്ഷണിക്കൽ)